Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 16.8.2017
*Ref: 229POC/DIR*

## സ്ത്രീകൾ മനുഷ്യബന്ധങ്ങളെ ഉറപ്പിക്കുന്ന കാരുണ്യത്തിന്റെ കണ്ണികൾ: ബിഷപ് കാരിക്കശ്ശേരി

കൊച്ചി: മനുഷ്യബന്ധങ്ങളെ ഉറപ്പിക്കുന്ന കാരുണ്യത്തിന്റെ കണ്ണികളാണ് കുടുംബത്തിൽ അമ്മയും സമൂഹത്തിൽ സ്ത്രീയുമെന്ന് ബിഷപ് ജോസഫ് കാരുക്കശ്ശേരി പറഞ്ഞു. കെസിബിസി വനിതാ കമ്മീഷൻ എറണാകുളം സോൺ ലീഡേഴ്സ് മീറ്റ് പിഒസിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ബന്ധങ്ങളുടെ ഇഴയടുപ്പമാണ് കുടുംബഭദ്രതയുടെ കാതൽ. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അരൂപിയിൽ ബന്ധങ്ങൾ വളർത്താൻ വഴിയുന്ന അമ്മമാരെയാണ് സഭയും സമൂഹവും ആഗ്രഹിക്കുന്നത്. 'സാമൂഹ്യനീതിയും ക്രിസ്തീയ വനിതാ നേതൃത്വവും' എന്ന വിഷയത്തിൽ എറണാകുളം - അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ ക്ലാസ്സ് നയിച്ചു.

മേഖല സെക്രട്ടറി ഡോളി ജോസഫ് സ്വാഗതം ആശംസിച്ചു. കമ്മീഷൻ സെക്രട്ടറി ശ്രീമതി ഡെൽസി ലൂക്കാച്ചൻ അധ്യക്ഷത വഹിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പിഒസി ഡയറക്ടറുമായ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, റവ. ഫാ. വർഗ്ഗീസ് മണവാളൻ, ഡോ. റോസക്കുട്ടി, ഡോ. കെ.വി. റീത്താമ്മ അഡ്വ. മോളി ബോബൻ, ശ്രീമതി മേഴ്സി ഡേവി എന്നിവർ പ്രസംഗിച്ചു. റൈസിംഗ് വുമൺ ഓഫ് ഇന്ത്യ, വനിതാരത്നം എന്നീ അവാർഡിന് അർഹയായ ശ്രീമതി ഡോ. റോസക്കുട്ടിയെ യോഗം ആദരിച്ചു. ഇടുക്കി, മുവാറ്റുപുഴ, കോതമംഗലം, ആലപ്പുഴ, കൊച്ചി, വരാപ്പുഴ, എറണാകുളം എന്നീ രൂപതകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

ശ്രീമതി ഡെൽസി ലൂക്കാച്ചൻ
കെസിബിസി വനിതാ കമ്മീഷൻ സെക്രട്ടറി

ഫോട്ടോമാറ്റർ: കെസിബിസി വനിതാ കമ്മീഷൻ എറണാകുളം മേഖല സമ്മേളനം ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്യുന്നു. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, റവ. ഫാ. വർഗ്ഗീസ് മണവാളൻ, ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ, ഡോളി ജോസഫ്, ഡോ. റോസക്കുട്ടി, ഡെൽസി ലൂക്കാച്ചൻ, ഡോ. കെ.വി. റീത്താമ്മ അഡ്വ. മോളി ബോബൻ, ശ്രീമതി മേഴ്സി ഡേവി എന്നിവർ സമീപം